15.	സംസ്കൃതം (ജനറൽ)	..	15
16.	സംസ്കൃതം (സാഹിത്യം)	..	2
17.	സംസ്കൃതം (ജ്യോതിഷം)	..	1
18.	എക്കണോമിക്സ്	..	26
19.	കോമേഴ്സ്	..	31
20.	ഹിസ്റ്ററി	..	5
21.	വയലിൻ	..	1
22.	മൃദംഗം	..	6
23.	വീണ	..	1

(സി) അനുബന്ധം ആയി ചേർത്തിരിക്കുന്നു.†

സ്വകാര്യ കോളേജ് അദ്ധ്യാപകർക്ക് യു. ജി. സി. നിരക്കിലുള്ള ശമ്പളം ലഭിക്കുന്നതിനുള്ള മാനദണ്ഡം

380 [2440] ശ്രീ. വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് സ്കെയിലിൽ നിയമിക്കപ്പെട്ട യു. ജി. സി. യോഗ്യതയുള്ള എയ്ഡഡ് കോളേജ് അദ്ധ്യാപകർക്ക് യു. ജി. സി. നിരക്കിലുള്ള ശമ്പളം ലഭിക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കാമോ;

(ബി) 1-1-1996-നുശേഷം നിയമിക്കപ്പെട്ടതും സർവ്വീസിൽ തുടരുന്നതുമായ യു. ജി. സി. അദ്ധ്യാപകർക്ക് യു. ജി. സി. നിരക്കിലുള്ള ശമ്പളം ലഭിക്കാൻ അർഹതയുണ്ടോ;

(സി) സർവ്വകലാശാലാ സീനിയർ, സെലക്ഷൻ ഗ്രേഡ് ലക്ചർമാരായി സ്ഥാനക്കയറ്റം ലഭിക്കുന്ന അദ്ധ്യാപകർക്ക് യു. ജി. സി. നിരക്കിലുള്ള ശമ്പളം ലഭിക്കുന്നതിന് തടസ്സം ഇല്ലെന്ന സത്യവാങ്മൂലം കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ (കൊല്ലം) ഹൈക്കോടതിയിൽ ഫയൽ ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിന് വിരുദ്ധമായി ഇത്തരം അദ്ധ്യാപകർക്ക് യു. ജി. സി. നിരക്കിലുള്ള ശമ്പളം സർവ്വകലാശാല തടഞ്ഞുവയ്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) സീനിയർ സെലക്ഷൻ ഗ്രേഡ് തസ്തികകളിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച കോളേജ് അദ്ധ്യാപകരുടെ യു. ജി. സി. നിരക്കിലുള്ള ശമ്പളം കൊല്ലം ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ തടഞ്ഞുവച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, എങ്കിൽ എത്രപേരുടെ; അതിനുള്ള കാരണം വ്യക്തമാക്കാമോ?

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 23-7-1990-ലെ ജി. ഒ. (പി.) 79/90 ഉ.വി.വ. ഉത്തരവുപ്രകാരം മുഴുവൻ കോളേജ് അദ്ധ്യാപകരേയും 52 ശതമാനം (യു. ജി. സി. സ്കീമിൽ വരുന്നവർ) 48 ശതമാനം (യു. ജി. സി. സ്കെയിലിൽ വരുന്നവർ) എന്ന് തരംതിരിച്ചിട്ടുണ്ട്. 52 ശതമാനം വരുന്ന അദ്ധ്യാപകർ ബിരുദ ബിരുദാനന്തര ക്ലാസ്സുകളിലും 48 ശതമാനം അദ്ധ്യാപകർ പ്രീഡിഗ്രി ക്ലാസ്സുകളിലും പഠിപ്പിക്കുന്നതായി കണക്കാക്കിയാണ് ഈ തരംതിരിവ്. ഇതിൽ 48 ശതമാനത്തിൽവരുന്ന അദ്ധ്യാപകർക്കാണ് സ്റ്റേറ്റ് സ്കെയിലിൽ നിയമനം നൽകിയിട്ടുള്ളത്. ഈ വിഭാഗത്തിൽ വരുന്ന യു. ജി. സി. യോഗ്യതയുള്ള അദ്ധ്യാപകർ യു. ജി. സി. പ്രൊമോഷന് അർഹരാണ്. എന്നാൽ പ്രീഡിഗ്രി ക്ലാസ്സുകൾക്കുമാത്രമായി, പ്രീഡിഗ്രി വർക്ക് ലോഡിന്റെ മാത്രം അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട അദ്ധ്യാപകർ യു. ജി. സി. ആനുകൂല്യങ്ങൾക്ക് അർഹരല്ല.

കൂടാതെ, സ്റ്റേറ്റ് സ്കെയിലിൽ നിയമിക്കപ്പെട്ട യു. ജി. സി. യോഗ്യതയുള്ള എയിഡഡ് കോളേജ് അദ്ധ്യാപകർക്ക് യു. ജി. സി. നിരക്കിലുള്ള ശമ്പളം അനുവദിക്കുന്നതിന് ജോലിഭാരം, നിർദ്ദിഷ്ട വിദ്യാഭ്യാസ യോഗ്യതകൾ എന്നിവയുടെ അടിസ്ഥാനത്തിലാണ്.

(ബി) 1-1-1996-നു ശേഷം നിയമിക്കപ്പെട്ടതും സർവ്വീസിൽ തുടരുന്നതുമായ മുഴുവൻ അദ്ധ്യാപകർക്കും യു. ജി. സി. നിരക്കിലുള്ള ശമ്പളം ലഭിക്കാൻ അർഹതയില്ല. സർവ്വകലാശാലയിൽനിന്നും കോളേജുകളിൽ നിന്നും പ്രീഡിഗ്രി പൂർണ്ണമായി വേർപ്പെടുത്തിയത് 31-3-2001-ൽ ആണ്. അതുകൊണ്ട് 1-1-1996-നുശേഷം നിയമിക്കപ്പെട്ട അദ്ധ്യാപകർക്ക് ആവശ്യമായ യോഗ്യതയും നിർദ്ദിഷ്ട ജോലിഭാരവും ഉണ്ടെങ്കിൽ യു. ജി. സി. സ്കെയിലിൽ ശമ്പളത്തിന് അർഹതയുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) 1-4-1990-നും, 1-1-1996-നും ശേഷം സ്റ്റേറ്റ് സ്കെയിലിൽ നിയമിതരായ കോളേജ് അദ്ധ്യാപകർക്ക് മതിയായ ജോലിഭാരം ഇല്ലാത്ത സാഹചര്യത്തിൽ യു. ജി. സി. ശമ്പളം നൽകുന്നതിന് നിലവിൽ തടസ്സമുള്ളതിനാൽ അത്തരം അദ്ധ്യാപകർക്ക് സർവ്വകലാശാല നൽകിയ പ്രൊമോഷൻ/പ്ലേസ്മെന്റ് ഉത്തരവുകൾ പരിശോധനയ്ക്കു വിധേയമാക്കിയതിനുശേഷം മാത്രമേ യു. ജി. സി. നിരക്കിൽ ശമ്പളം നൽകാൻ സാധ്യമാകുകയുള്ളൂ. ഇക്കാരണത്താൽ യു. ജി. സി. നിരക്കിൽ ശമ്പളം നൽകുന്നതിന് ഇത്തരം അദ്ധ്യാപകരുടെ കാര്യത്തിൽ കാലതാമസം സംഭവിക്കാറുണ്ട്. ചില കേസ്സുകളിൽ മതിയായ ജോലിഭാരം ഇല്ലാതെതന്നെ പ്രൊമോഷൻ/പ്ലേസ്മെന്റ് ഉത്തരവുകൾ സർവ്വകലാശാല നൽകുകയും പ്രസ്തുത ഉത്തരവുകൾ പുനഃപരിശോധിയ്ക്കാൻ യൂണിവേഴ്സിറ്റിയോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇതിൽ മിക്ക കേസ്സുകളിലും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഉയർന്ന നിരക്കിലുള്ള യു. ജി. സി. ശമ്പളം ഇതിനകംതന്നെ അനുവദിച്ചുകൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly